# പതിനാലാം കേരള നിയമസഭ

## രണ്ടാം സമ്മേളനം

| നക്ഷത്രചിഹ്നമിടാത്ത ചോദ്യം നം.13 | 26/09/2016 ൽ മറുപടിക്ക് |
|---|---|

## മുൻ റവന്യൂ മന്ത്രിയും ഉന്നത ഉദ്യോഗസ്ഥരും നടത്തിയ വിദേശയാത്ര

| ചോദ്യം | | മറുപടി | |
|---|---|---|---|
| ശ്രീ.കെ.വി.അബ്ദുൾ ഖാദർ | | ശ്രീ.പിണറായി വിജയൻ<br>(ബഹു.മുഖ്യമന്ത്രി ) | |
| (എ) | മുൻ റവന്യൂ മന്ത്രിയും ഉന്നത ഉദ്യോഗസ്ഥരും നടത്തിയ വിദേശ യാത്രകളെ സംബന്ധിച്ച് വിജിലൻസ് അന്വേഷണം ആരംഭിച്ചിട്ടുണ്ടോ; എങ്കിൽ അന്വേഷണ പുരോഗതി സർക്കാർ വിലയിരുത്തിയിട്ടുണ്ടോ; വിശദമാക്കുമോ; | (എ) | തിരുവനന്തപുരം വിജിലൻസ് കോടതിയുടെ ഉത്തരവിന്റെ അടിസ്ഥാനത്തിൽ മുൻ റവന്യൂ മന്ത്രിയുടേയും, ഉന്നത ഉദ്യോഗസ്ഥരുടേയും വിദേശ്യാത്ര ഉൾപ്പെടെയുള്ള ആരോപണങ്ങളിൻമേൽ ക്യൂവി. 07/2013/എസ്.ആർ.ടി നമ്പർ പ്രകാരം ഒരു സത്വരാന്വേഷണം നടത്തി വി.സി.02/2016/ടി.വി.എം നമ്പർ പ്രകാരം രജിസ്റ്റർ ചെയ്ത കേസിൽ താഴെ പറയുന്ന ഉദ്യോഗസ്ഥർക്കെതിരെ അന്വേഷണം നടത്തി വരുന്നു.<br>1) ശ്രീ.കെ.ആർ.അനിൽ, ഡയറക്ടർ, നാഷണൽ കയർ റിസർച്ച് ആന്റ് മാനേജ്മെന്റ് ഇൻസ്റ്റിറ്റ്യൂട്ട്<br>2) ശ്രീ.കെ.മദനൻ<br>ഡയറക്ടർ<br>ഡയറക്ടറേറ്റ് ഓഫ് കയർ ഡെവലപ്മെന്റ്<br>3) ശ്രീമതി.റാണി ജോർജ്ജ്.ഐ.എ.എസ്, സെക്രട്ടറി (കയർ) |
| (ബി) | മന്ത്രിയുടേയും ഉദ്യോഗസ്ഥരുടേയും വിദേശ യാത്രകൾ മൂലം കയർമേഖലയിൽ എന്ത് പുരോഗതിയുണ്ടായെന്ന് അന്വേഷണത്തിൽ കണ്ടെത്തിയിട്ടുണ്ടോ ; എങ്കിൽ വെളിപ്പെടുത്തുമോ ? | (ബി) | അന്വേഷണം പൂർത്തിയായാൽ മാത്രമേ ഇക്കാര്യത്തിൽ കൂടുതൽ വിവരങ്ങൾ ലഭ്യമാകുകയുള്ളൂ |

സെക്ഷൻ ഓഫീസർ